ഗ്രാമ ന്യായാലയ, വടവുകോട്, കോലഞ്ചേരി
സാന്നിദ്ധ്യം : ജെയ്സി അഗസ്റ്റിൻ
ന്യായാധികാരി (ഇൻ–ചാർജ്)
തീയ്യതി : 2026 ഫെബ്രുവരി 24

**സി .എം .പി . നം . 01/2026 (എം .സി . 12/2026)**

| | | |
|---|---|---|
| 1. | റംല അബൂബക്കർ, 51 വയസ്സ്, W/o. അബൂബക്കർ, പൂവത്തുംവീട്ടിൽ വീട്, പെരിങ്ങാല പി.ഒ., പെരിങ്ങാല കര, കുന്നത്തുനാട് വില്ലേജ്, കുന്നത്തുനാട് താലൂക്ക്, എറണാകുളം ജില്ല<br>( പോലീസ് സ്റ്റേഷൻ പരിധി)<br>(അഭിഭാഷക : ലൈജി ജേക്കബ്) | ഹർജിക്കാരി |
| 2. | പി. എം. അബൂബക്കർ, 61 വയസ്സ്, S/o. മുഹമ്മദ്, പൂവത്തുംവീട്ടിൽ വീട്, പെരിങ്ങാല പി.ഒ., പെരിങ്ങാല കര, കുന്നത്തുനാട് വില്ലേജ്, കുന്നത്തുനാട് താലൂക്ക്, എറണാകുളം ജില്ല | എതിർകക്ഷി |

## ഉത്തരവ്

2005–ലെ ഗാർഹിക പീഡന നിരോധന നിയമം, വകുപ്പ് 23 പ്രകാരം ബോധിപ്പിച്ച ഹർജിയാണിത്.

ഹർജിക്കാരിയെ കേട്ടു. ഹർജിയും ഹർജിയോടൊത്ത് ബോധിപ്പിച്ച സത്യവാങ്മൂലവും പരിശോധിച്ചു. എതുകക്ഷി ഹർജിക്കാരിക്കെതിരെ ഗാർഹിക പീഢനം നടത്തിയതായി പ്രഥമദൃഷ്ട്യാ വെളിവായിരിക്കുന്നു. ആയതിനാൽ ഹർജി അനുവദിച്ചു താഴെ പറയുന്ന രീതിയിൽ ഇടക്കാല ഉത്തരവുകൾ പുറപ്പെടുവിച്ചിരിക്കുന്നു.

1. ഗാർഹിക പീഢനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം പ്രകാരം ഹർജിക്കാരിയുടെ സ്വൈര്യജീവിതത്തിന് തടസ്സമുണ്ടാക്കുകയോ, ഹർജിക്കാരിയെ ഉപദ്രവിക്കുകയോ ചെയ്യരുതെന്ന് എതിർകക്ഷിയോട് കല്പിച്ച് ഉത്തരവാകുന്നു.

2. ഗാർഹിക പീഢനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം പ്രകാരം ഹർജിക്കാരി പങ്ക്പറ്റുന്ന കുന്നത്തുനാട് വില്ലേജ് പൂവത്തുംവീട്ടിൽ വീട്, പെരിങ്ങാല പി.ഒ., പെരിങ്ങാല കരയിലുള്ള വീട്ടിൽ ഹർജിക്കരിയെ പ്രവേശിപ്പിക്കുന്നതിനും അവിടെ താമസിപ്പിക്കുന്നതിനും എതിർകക്ഷിയോട് നിർദേശിച്ചും, ടി വീട്ടും,

സ്ഥലവും അന്യകൈവശം കൊടുക്കുന്നതിൽ നിന്ന് എതിർകക്ഷിയെ വിലക്കിയും ഉത്തരവാകുന്നു.

3. ഉത്തരവുകൾ നടപ്പാക്കുന്നതിന് വേണ്ട സഹായം SHO അമ്പലമേട് പോലീസ് സ്റ്റേഷൻ ഹർജിക്കാർക്ക് ചെയ്തു കൊടുക്കേണ്ടതാണ്.

4. ഈ ഉത്തരവിന്റെ പകർപ്പ് താഴെ പറയുന്നവർക്ക് സൗജന്യമായി നല്കുവാൻ /അയച്ചു കൊടുക്കുവാൻ വടവുകോട് ഗ്രാമന്യായലയ ഓഫീസിന് നിർദ്ദേശം നല്കിയിരിക്കുന്നു.

   i. ഹർജിക്കാരി
   ii. എതൃകക്ഷി
   iii. സ്റ്റേഷൻ ഹൌസ് ഓഫീസർ, അമ്പലമേട്, പോലീസ് സ്റ്റേഷൻ
   iv. പ്രൊട്ടക്ഷൻ ഓഫീസർ, കാക്കനാട്

5. നോട്ടീസ് പോയി മടങ്ങിവരുന്നതിനായി 10/03/2026

ഈ ഉത്തരവ് പറഞ്ഞ 30 ദിവസത്തിനകം ബഹുമാനപ്പെട്ട എറണാകുളം, ജില്ലാ & സെഷൻസ് കോടതിയിൽ അപ്പീൽ കൊടുക്കാവുന്നതാണ്.

(ഇപ്രകാരം തുറന്ന കോടതിയിൽ 2026 ഫെബ്രുവരി 24- ന് ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.)

ഒപ്പ്
**ജെയ്സി അഗസ്റ്റിൻ**
**ന്യായാധികാരി (ഇൻ-ചാർജ്)**

//ശരിപ്പകർപ്പ്//

**ന്യായാധികാരി (ഇൻ-ചാർജ്)**
**ഗ്രാമ ന്യായാലയ,**
**വടവുകോട്, കോലഞ്ചേരി**